"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.WM1/6/2021/LSGD
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 31-01-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) തുടങ്ങിയ മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ നിന്നും മാലിന്യങ്ങൾ നിർമ്മാർജ്ജന / പുനഃചംക്രമണ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വാഹനങ്ങളുടെ നീക്കം ഉൾപ്പെടെ, നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
(1) ജി.ഒ.(ആർ.ടി.) നം.1673/2021/എൽ.എസ്.ജി.ഡി. തീയതി 06.09.2021
(2) ജി.ഒ.(ആർ.ടി) നം.2485/2021/എൽ.എസ്.ജി.ഡി. തീയതി 06.12.02021
(3) OA 312/2024 (SZ) നമ്പർ കേസിലെ ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 19.12.2024-ലെ വിധിന്യായം.
(4) OA 312/2024 (SZ) നമ്പർ കേസിലെ ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 02.01.2025-ലെ വിധിന്യായം.

**********************

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) തുടങ്ങിയ മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ നിന്നും നിർമ്മാർജ്ജന/പുനഃചംക്രമണ സ്ഥലങ്ങളിലേക്ക് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിയെയും സ്വകാര്യ ഏജൻസികളെയും കരാർ പ്രകാരം ചുമതലപ്പെടുത്തിവരുന്നു. പ്രസ്തുത മാലിന്യ നീക്കത്തിനുപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 100/2021 നമ്പർ കേസിലെ 29.07.2021-ലെ വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ, സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ കമ്മിറ്റി; ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റികളും സൂചന (2) പ്രകാരം രൂപീകരിക്കുകയുണ്ടായി.

(2) കേരളത്തിൽ നിന്നും തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ ആശുപത്രിമാലിന്യങ്ങൾ

ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തള്ളിയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ചെന്നൈ ദക്ഷിണമേഖല ബെഞ്ച് OA 312/2024(SZ) നമ്പരായി സ്വമേധയാ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. തുടർന്ന് ഇപ്രകാരമുള്ള അനധികൃത മാലിന്യ നിക്ഷേപങ്ങൾ ആവർത്തിക്കുന്നതായി നിരീക്ഷിച്ചുകൊണ്ട് അതിർത്തിയിലെ സുരക്ഷ ശക്തിപ്പെടുത്തി അയൽ സംസ്ഥാനങ്ങളിലേക്കുള്ള അനധികൃത മാലിന്യ നീക്കം തടയണമെന്ന് ബഹു.ട്രിബ്യൂണൽ സൂചന (4) പ്രകാരം ഉത്തരവിട്ടു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) തുടങ്ങിയ മാലിന്യ സംഭരണ സ്ഥലങ്ങളിൽ നിന്നും മാലിന്യങ്ങൾ നിർമ്മാർജ്ജന/പുനഃചംക്രമണ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ നീക്കം ഉൾപ്പെടെ, നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ക്രോഡീകരിച്ചു കൊണ്ടും വ്യക്തത വരുത്തിക്കൊണ്ടും ചുവടെ ചേർക്കും പ്രകാരം, പുറപ്പെടുവിക്കുന്നു.

(i) പുനഃചംക്രമണം ചെയ്യാവുന്ന അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിരിക്കുന്നതിൽ കുറയാത്ത നിരക്കിൽ റീസൈക്ലിങ് ഏജൻസികൾക്കോ മാലിന്യങ്ങൾ ശേഖരിക്കുന്ന ഏജൻസികൾക്കോ വില നിശ്ചയിച്ച് നൽകേണ്ടതാണ്.

(ii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ നീക്കത്തിനായി ശുചിത്വമിഷന്റെ അംഗീകൃത ഏജൻസികൾ/ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി 04.11.2024 തീയതിയിലെ സ.ഉ.(സാധാ) നം. 2092/2024/LSGD ഉത്തരവ് പ്രകാരം കരാറിൽ ഏർപ്പെടേണ്ടതാണ്.

(iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ പരാമർശിക്കുന്ന ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

(iv) അപ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ ശേഖരിക്കുന്ന അജൈവമാലിന്യം ഏത് സ്ഥലത്തേക്കാണ് സംസ്കരണത്തിനായി എത്തിക്കുന്നത് എന്ന് കരാറിൽ വെളിപ്പെടുത്തേണ്ടതാണ്.

(v) മാലിന്യ നീക്കത്തിന് ഏജൻസികൾ ഉപയോഗിക്കുന്ന വാഹനങ്ങൾ, ടി ഏജൻസികളെ നിയോഗിക്കുന്ന തദ്ദേശ സ്ഥാപനം/CKCL-ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത വാഹനങ്ങളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിനായി തദ്ദേശ സ്ഥാപനം/CKCL പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായുള്ള അപേക്ഷാ ഫോമിന്റെ മാതൃക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(vi) മാലിന്യനീക്കത്തിന് GPS ഘടിപ്പിച്ച വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

(vii) മാലിന്യം കൊണ്ടുപോകുന്ന വാഹനം സുരക്ഷിതമായി മൂടി മാത്രമേ ട്രാൻസ്പോർട്ടേഷൻ നടത്താവൂ.

(viii) പുനഃചംക്രമണയോഗ്യമല്ലാത്ത അജൈവ മാലിന്യം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ MCF/RRF കളിൽ നിന്നും കരാർ വച്ചിട്ടുള്ള ഏജൻസി/ CKCL നീക്കം ചെയ്യുമ്പോൾ MCF/RRF കളിൽ നിന്നും ശേഖരിച്ച മാലിന്യത്തിന്റെ അളവ് കരാർ വച്ചിട്ടുള്ള ഏജൻസി/ CKCL ന്റെ പ്രതിനിധി, MCF/RRF ചുമതലയുള്ളയാൾ എന്നിവർ പരിശോധിച്ച് മാനിഫെസ്റ്റ്, രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്.

(ix) സിമന്റ് ഫാക്ടറിയിൽ നിന്നും പരിശോധിച്ച് സ്വീകരിച്ച മാലിന്യത്തിന്റെ അളവ് രേഖപ്പെടുത്തിക്കൊണ്ടുള്ള രസീത് (Material acceptance receipt), കോ-പ്രോസസ്സിംഗ് സർട്ടിഫിക്കറ്റ് കരാർ ഏജൻസി/ CKCL സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം, LSGI ക്ക് പകർപ്പ് നൽകേണ്ടതുമാണ് .

(x) കരാർ ഏജൻസി/ CKCL തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ശേഖരിച്ച് പ്രോസസ്സിംഗിനായി/ കോ-പ്രോസസ്സിംഗിനായി നൽകുന്ന മാലിന്യത്തിന്റെ അളവ് ശുചിത്വ മിഷനിൽ എല്ലാ മാസവും സമർപ്പിക്കേണ്ടതാണ്.

(xi) കൂടാതെ മേൽപ്പറഞ്ഞ രേഖകൾ മാസത്തിലൊരിക്കൽ ഡിസ്ട്രിക്ട് കമ്മിറ്റി മുൻപാകെ ഓഡിറ്റിംഗ്/ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(xii) CKCL/അംഗീകൃത ഏജൻസി മുഖേന നടത്തുന്ന മാലിന്യ നീക്കം സംബന്ധിച്ച വിവരങ്ങൾ (ട്രിപ്പ് ഡീറ്റെയിൽസ്) അതാത് ഏജൻസികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(xiii) മാലിന്യ നീക്കത്തിന് ഉപയോഗിക്കുന്ന ജി.പി.എസ്. ഘടിപ്പിച്ച വാഹനത്തിനുള്ളിൽ ചുവടെ ചേർത്തിട്ടുള്ള രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്

(a) മാനിഫെസ്റ്റ്- മാതൃക അനുബന്ധം II ആയി ചേർത്തിരിക്കുന്നു. അതിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

- പാഴ്വസ്തുക്കൾ അയക്കുന്ന സ്ഥാപനങ്ങളുടെ മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ.)
- ട്രാൻസ്പോർട്ടറുടെ മേൽ വിലാസം (ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ)
- വാഹനത്തിന്റെ തരം
- ഡിസ്പോസൽ ഫെസിലറ്റിയുടെ മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ).
- മാലിന്യത്തിന്റെ തരം.
- മാലിന്യത്തിന്റെ തൂക്കം

(b) ഡിസ്പോസൽ ഫെസിലിറ്റിയിലേക്ക് എത്തിക്കുന്നതിന് ഫെസിലിറ്റിയുടെ മേൽവിലാസം ഉൾപ്പെടുത്തിയ e-way ബിൽ, ഡെലിവറി ചെല്ലാൻ.

(c) ഡിസ്പോസൽ ഫെസിലിറ്റിയിലേക്കുള്ള മാലിന്യങ്ങൾ ശേഖരിക്കുവാൻ പ്രസ്തുത ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി തദ്ദേശസ്ഥാപനത്തിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം/ ക്ലീൻ കേരള കമ്പനിയുടെ സാക്ഷ്യപത്രം ഉണ്ടാകേണ്ടതാണ്. അംഗീകൃത ഏജൻസികൾ ഗോഡൗണിൽ നിന്നും മാലിന്യം ഡിസ്പോസൽ ഫെസിലിറ്റിയിലേക്ക്

കൊണ്ട് പോകുമ്പോൾ പ്രസ്തുത ഏജൻസിക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള കൺസെന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റ് ഉണ്ടാകേണ്ടതാണ്.

(xiv) മേൽ പറഞ്ഞ കരാർ വ്യവസ്ഥകളിലെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ടി ഏജൻസിക്ക് ഫൈൻ ചുമത്തേണ്ടതും അടയ്ക്കാത്ത പക്ഷം ടി തുക ഏജൻസിക്ക് നൽകുവാനുള്ള തുകയിൽ നിന്നും തിരിച്ചുപിടിക്കേണ്ടതുമാണ് .

**ഡിസ്ട്രിക്ട് കമ്മിറ്റിയുടെ ചുമതലകൾ**

- ഡിസ്ട്രിക്ട് കമ്മിറ്റി മാസത്തിൽ ഒരു തവണ യോഗം ചേരേണ്ടതാണ്.
- ഏജൻസി/CKCL സമർപ്പിക്കുന്ന പ്രതിമാസ റിപ്പോർട്ടുകൾ വിലയിരുത്തി quarterly റിപ്പോർട്ട് സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
- ഏജൻസി/CKCL ഏർപ്പെടുത്തിയ വാഹനങ്ങളുടെ വിശദാംശങ്ങൾ അവലോകനം നടത്തേണ്ടതാണ്.
- കരാർ ലംഘനങ്ങളും അതിനെതിരെ സ്വീകരിച്ച നടപടികളും വിലയിരുത്തേണ്ടതാണ്.
- ഡിസ്ട്രിക്ട് തലത്തിലെ മാലിന്യ നീക്കം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.
- സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമുള്ള കാര്യങ്ങൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുക.

**സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ചുമതലകൾ**

- 3 മാസത്തിൽ ഒരിക്കൽ യോഗം ചേരുന്നതിനുള്ള നടപടി കൺവീനറായ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.
- ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി സമർപ്പിക്കുന്ന പ്രതിമാസ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.
- മാർഗ്ഗനിർദ്ദേശങ്ങളുടെ നടത്തിപ്പിലെ പോരായ്മകൾ വിലയിരുത്തി സംസ്ഥാന തലത്തിൽ നിർദ്ദേശം നൽകേണ്ടതാണ്.
- സംസ്ഥാനാന്തര മാലിന്യ നീക്കത്തിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

സ്റ്റേറ്റ് പോലീസ് ചീഫ്, കേരളം.
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.
കമ്മിഷണർ GST വകുപ്പ്, തിരുവനന്തപുരം
ഗതാഗത വകുപ്പ് കമ്മിഷണർ, തിരുവനന്തപുരം
എക്സൈസ് കമ്മിഷണർ, തിരുവനന്തപുരം
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് , തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും (സ്റ്റേറ്റ് പോലീസ് ചീഫ് മുഖേന)
ഡയറക്ടർ (അർബൻ ), തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.

മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ജില്ലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം )

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം )

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്റർമാർ

(എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ മുഖാന്തിരം)

ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 31-01-2025 12:24:36

സെക്ഷൻ ഓഫീസർ.

പകർപ്പ് :-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ -ക്ക്

അനുബന്ധം I

**APPLICATION FORM FOR REGISTERING VEHICLE TO COLLECT AND TRANSPORT OF SOLID WASTE TO DISPOSAL SITE**

<table>
<tr><td colspan="4">APPLICANT DETAILS</td></tr>
<tr><td colspan="2">Full Name of Applicant:</td><td colspan="2"></td></tr>
<tr><td colspan="2">Registered Address<br>(including Phone No. and e-mail)</td><td colspan="2"></td></tr>
<tr><td colspan="2">Postal Address (for correspondence) :</td><td colspan="2"></td></tr>
<tr><td colspan="4">VEHICLE DETAILS</td></tr>
<tr><td colspan="2">Garage Location<br>(regular garaging address for vehicle):</td><td colspan="2"></td></tr>
<tr><td colspan="2">Vehicle Make and Model:</td><td colspan="2">RTO Registration Number:</td></tr>
<tr><td>Body Type:</td><td colspan="2">Net Carrying Capacity<br>(tonnes):</td><td>|Year of Manufacture:</td></tr>
<tr><td colspan="4">GPS Device Details :-</td></tr>
</table>

| | |
|---|---|
| | |
| Vehicle Inspection Certificate :<br><br>(Emissions & Safety) | Validity : |
| **DECLARATION-Your application will not be accepted unless the declaration is completed and signed** | |
| I hereby declare that the information provided in this application is true and correct | |
| 1 also declare that the vehicle with registration number ............................., is fit for the purpose of transporting the prescribed wastes specified in this application | |
| Signature* (1) -------------------------(2)-----------------------Date: ------/--------/--------- Second signature only required if the applicant is a partnership | |
| * If a company, a person of authority must sign and date and complete the following: | |
| First Name________________ Last Name_______________ Position________________ | |
| CHECKLIST - to be completed by the applicant | ✓ Tick |
| Declaration (above ) read and signed | |

| | |
|---|---|
| | |
| List of types of waste to be transported (Enclose separately) | |
| Appropriate insurance policy is maintained for the vehicle | |
| Three photographs of the vehicle (front, side and rear view) in JPG format | |
| Copy of RTO Registration Certificate | |
| If vehicle is not owned by the agency, copy of the lease/rent agreement with the owner. | |

അനുബന്ധം II

# MANIFEST FOR TRANSPORT WASTE FOR TREATMENT/DISPOSAL

| | | |
|---|---|---|
| 1. | Sender's name and address (including Phone No.and e-mail) | |
| 2. | Manifest Document No. | |
| 3. | Transporter's name and address: (including phone No. and e-mail) | |
| 4. | Type of vehicle | (Truck/Tanker/Special Vehicle/others - please specify) |
| 5. | Vehicle registration No. | |
| 6. | Treatment / disposal facility and name and address<br><br>(including Phone No. and e-mail) | |
| 7. | Waste description (type of waste) | |
| 8. | Total quantity | _____________$m^3$ or MT |
| 9. | Purpose of transportation | Treatment/recycling/RDF/scientific land filling/others - please specify |
| 10. | Sender's Certificate | I hereby declare that the contents of the consignment are fully and accurately described above with proper shipping |

| | | |
|---|---|---|
| | | details |
| | Date: Name and Designation: Signature | |
| 11. | Transporter acknowledgement of receipt of Wastes: | I hereby declare that the contents of the consignment described above has been received for transportation and are properly covered and are in all respects in proper conditions for transport by road according to applicable government regulations. |
| | Date: Name and designation: Signature: | |
| 12. | Receiver's certification for receipt of waste | I hereby declare that the contents and quantity of waste as described above has been received for treatment/disposal |
| | Date : Name and designation: Signature : | |